# കേരള കാർഷിക സർവ്വകലാശാല
## വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ

തിയ്യതി: 22/12/2025

നമ്പർ: ബി.ആർ.എസ്(2)1349/25

### പുനർ ക്വട്ടേഷൻ നോട്ടീസ്

കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലെ കുരുമുളക്, ജാതി എന്നിവയുടെ ഒറ്റ തവണ വിളവെടുപ്പ് നടത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ 2026 ജനുവരി മാസം 3-ാം തിയ്യതി ഈ കേന്ദ്രത്തിൽ വെച്ച് രാവിലെ 10.30 മണിയ്ക്ക് നടത്തുന്നതാണ്. താൽപ്പര്യമുള്ളവർ അന്നേദിവസം ദിവസം രാവിലെ 10.00 മണിയ്ക്ക് മുമ്പായി ക്വട്ടേഷനുകൾ ഈ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ക്വട്ടേഷനുകൾ 2026 ജനുവരി മാസം 3-ാം തിയ്യതി രാവിലെ 10.00 മണിവരെ സ്വീകരിക്കുന്നതാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവരെ ഉൾപ്പെടുത്തി ലേലം നടത്തുന്നതും അതിനുശേഷം ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്.
3. ക്വട്ടേഷനിലും ലേലത്തിലും ഏറ്റവും കൂടിയ നിരക്ക് ഏതാണോ അത് സ്വീകാര്യമെങ്കിൽ ഉറപ്പിക്കുന്നതായിരിക്കും.
4. ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്നവരും EMD ആയി 1,500/- രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്.
5. പണമായോ ക്രോസ് ചെയ്ത ബാങ്ക് ഡ്രാഫ്റ്റുകൾ, ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റുകൾ, ഗവൺമെന്റ് പ്രോമിസറി നോട്ടുകൾ, ബാങ്ക് ഗാരണ്ടി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് എന്നീ രൂപത്തിലോ നിരതദ്രവ്യം (EMD) സ്വീകരിക്കാവുന്നതാണ്.
6. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി മൊത്തം തുകയുടെ പകുതി ഭാഗം അന്നുതന്നെ ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റിയശേഷം ബാക്കി തുക ആദ്യ വിളവെടുപ്പിന് മുൻപായി അടയ്ക്കേണ്ടതാണ്. എന്നിരുന്നാൽ മാത്രമേ വിളവെടുക്കാൻ അനുവദിക്കുകയുള്ളു.
7. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി മൊത്തം ലേല തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ഓഫീസിൽ അടയ്ക്കേണ്ടതും ഗവേഷണ കേന്ദ്രത്തിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഇല്ലാതെ തൃപ്തികരമായി വിളവെടുപ്പ് നടത്തിയെന്നു കാണുകയാണെങ്കിൽ തിരികെ നൽകുന്നതുമാണ്.
8. പൊതു അവധി ദിവസങ്ങളിൽ വിളവെടുപ്പ് നടത്താൻ അനുവദിക്കുന്നതല്ല.
9. ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മാത്രമേ വിളവെടുപ്പ് നടത്തുവാൻ അനുവദിക്കുകയുള്ളു.
10. കാരണം കാണിക്കാതെ ക്വട്ടേഷൻ മാറ്റി വെയ്ക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്.
11. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

(ഒപ്പ്/-)
ഡോവിമി ലൂയിസ്
പ്രൊഫസർ & ഹെഡ്

പകർപ്പ്: ലോക്കൽ സർക്കുലേഷൻ/നോട്ടീസ് ബോർഡ്/ഫയൽ/മിച്ചം.